**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 106** | **11.06.2019-ൽ മറുപടിക്ക്**

# പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.സി. മമ്മൂട്ടി<br>ശ്രീ.അബ്ദുൽ ഹമീദ്. പി. | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഈ വർഷം എസ്.എസ്.എൽ.സി., വി.എച്ച്.എസ്.ഇ പരീക്ഷകളിലെ വിജയശതമാനം ഉയർന്നതിനെ തുടർന്ന് സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ പ്ലസ് വൺ ബാച്ചുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) തീരുമാനമെടുത്തിട്ടില്ല. |

(.......... 2)

(ബി) മലബാർ മേഖലയിൽ പൊതുവായും മലപ്പുറം ജില്ലയിൽ പ്രത്യേകിച്ചും പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പ്ലസ് ടു പ്രവേശനത്തിന് സീറ്റ് കിട്ടാതെ കഷ്ടപ്പെടുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അധികബാച്ചുകളും സീറ്റുവർദ്ധനവും അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് മുമ്പായി തന്നെ അനുവദിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിലാണ് ഇവ അനുവദിക്കാൻ പോകുന്നതെന്നും വ്യക്തമാക്കുമോ ?

(ബി) യും (സി) യും വിവിധകോടതിവിധികൾ പ്രകാരം സംസ്ഥാനത്തെ ഹയർസെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ ഹയർസെക്കണ്ടറി സ്കൂളുകളും ബാച്ചുകളും അനുവദിക്കുവാൻ കഴിയുകയുള്ളൂ. 2019-20 വർഷത്തേയ്ക്കുള്ള പ്രസ്തുത നടപടികൾ നടന്നു വരുന്നു. എന്നാൽ, പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർസെക്കണ്ടറി ബാച്ചുകൾ 2019-20 അധ്യയന വർഷം ഹയർസെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലയ്ക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർസെക്കണ്ടറി സ്കൂളിലേയ്ക്ക് പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും 20% സീറ്റുകൾ വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ ഉപരിപഠന സാധ്യത വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ സീറ്റുകൾ ആവശ്യമുണ്ടെങ്കിൽ ബാച്ചുകൾ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ